LIBRARY ARCHIVES Kerala Legislative Assembly

വൈദ്യസഹായം നൽകുന്നതിനുള്ള സംവിധാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ആദ്യ നിർദ്ദേശം ലഭിച്ചയുടൻതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന എച്ച് 1 എൻ1 പനി ചികിത്സാ മാർഗ്ഗരേഖ എല്ലാ ഡോക്ടർമാർക്കും ലഭ്യമാക്കുകയും ഇത് നടപ്പിലാക്കാനുള്ള പരിശീലനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഒന്നിലേറെ തവണ നടത്തുകയും ചെയ്തു. ദൈനംദിന റിപ്പോർട്ടുകൾ വഴിയും സംസ്ഥാനതല ഉദ്യോഗസ്ഥരുടെ ജില്ലകൾ സന്ദർശിച്ചുള്ള മേൽനോട്ടം വഴിയും വീഡിയോ കോൺഫറൻസ് വഴിയും ജില്ലകളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ സംസ്ഥാനതലത്തിൽ നിന്നും മേൽനോട്ടം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, കൂടാതെ തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ എച്ച്1 എൻ1 രോഗബാധിതരെ ചികിത്സിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. മരുന്നുകളുടെയും മറ്റ് അനുബന്ധ സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തി. ആശുപത്രികളിൽ ഇവർക്ക് വേണ്ടി പ്രത്യേക ഐസൊലേഷൻ വാർഡും ഐ.സി.യു. വെന്റിലേറ്റർ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഗൈനക്കോളജിസ്റ്റുകളുടെ സംഘടനയായ `FOGSI' വഴിയും ഇത്തരത്തിലുള്ള മറ്റ് സംഘടനകൾ വഴിയും എച്ച് 1 എൻ1 രോഗികൾക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കാൻ വേണ്ട ചികിത്സാ മാനദണ്ഡങ്ങൾ ലഭ്യമാക്കുകയുണ്ടായി.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സമൂഹമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന ആശ വോളന്റിയർമാർക്ക് എച്ച്1 എൻ1 പര്യവേഷണത്തിനുള്ള പരിശീലനം ജില്ലാ മെഡിക്കൽ ആഫീസർ, ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നടപ്പിലാക്കി. രോഗലക്ഷണം കാണപ്പെടുന്ന ഗർഭിണികളെ എത്രയും പെട്ടെന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം ആശ പ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. ആശ പ്രവർത്തകരുടെ സേവനം കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിയതിനാൽ മറ്റു ജില്ലകളിലും നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്ക് ധനസഹായം

3 (4871) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികളുടെ ചികിത്സയ്ക്കുള്ള ഏതെല്ലാം തരത്തിലുള്ള ധനസഹായം ഇപ്പോൾ നിലവിലുണ്ട്;

(ബി) ഇവയുടെ അപേക്ഷ/ധനസഹായം/രോഗം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ആശുപത്രികളിലെ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കുമാണ് ധനസഹായം ലഭിക്കുന്നത് ;

(ഡി) മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രികളെയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ - സി) ആരോഗ്യവകുപ്പിൽ നിന്നും 24,000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പുവർ" പദ്ധതി പ്രകാരവും, ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പൂവർ" പദ്ധതി പ്രകാരം കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം, ആർ.സി.സി., തിരുവനന്തപുരം, എസ്.എ.റ്റി. തിരുവനന്തപുരം. ഐ.സി.എച്ച് കോട്ടയം, ഐ.എം.സി.എച്ച്. കോഴിക്കോട്, ഇ.എം.എസ്, സഹകരണ ആശുപത്രി പെരിന്തൽമണ്ണ, സഹകരണ മെഡിക്കൽകോളേജ് പരിയാരം, സഹകരണ മെഡിക്കൽ കോളേജ് കൊച്ചി, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി എന്നീ ആശുപത്രികളിലെ ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്. താഴെപ്പറയുന്ന രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

	രോഗത്തിന്റെ പേര്		അനുവദിക്കുന്ന തുക
1.	മസ്തിഷ്ക ശസ്ത്രക്രിയ	-	20,000
2.	ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ	-	20,000
3.	വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ	-	20,000
4.	കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ	-	20,000
5.	തൊറാസിക് ശസ്ത്രക്രിയ	-	20,000
6.	പേസ്മേക്കർ സ്ഥാപിക്കൽ	-	10,000
7.	ആൻജിയോപ്ലാസ്റ്റി	-	10,000
8.	അസ്ഥി സംബന്ധമായ ശസ്ത്രക്രിയ	-	10,000
9.	ക്യാൻസർ	-	10,000
10	ഡയാലിസിസ്	-	10,000

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ആരോഗ്യവകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 24,000 - രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് ഒരു സർക്കാർ ഡോക്ടറിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ആശ്വാസ ധനസഹായമായി ഒരിക്കൽ മാത്രം 2000 രൂപ അനുവദിക്കുന്നുണ്ട്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണാധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്.

(ഡി) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

നിർദ്ധനരായ രോഗികൾക്ക് ധനസഹായം

4 (4872) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്ക് പുറമെ മറ്റെന്തെല്ലാം ധനസഹായങ്ങൾ ലഭിക്കുന്നുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇത്തരം ധനസഹായങ്ങൾക്ക് അപേക്ഷിക്കേണ്ടത് എങ്ങനെയെന്നും ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും വ്യക്തമാക്കുമോ ;

(സി) എല്ലാ ധനസഹായ പദ്ധതികളുടെയും അർഹതാ മാനദണ്ഡങ്ങൾ, പരമാവധി ധനസഹായം, എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും ധനസഹായം നൽകാറുണ്ട്. സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തഹസിൽദാരിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും പരമാവധി 2000 രൂപ നൽകുന്നു. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും "സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ" പദ്ധതി പ്രകാരം 24,000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി & സി) ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 24000 രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ളവർക്ക് സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തഹസിൽദാരിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാൽ പരമാവധി 2000 രൂപ ധനസഹായം നൽകുന്നു. പ്രസ്തുത അപേക്ഷ ആരോഗ്യ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly